# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3683 — 15/12/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

അന്തിമ മറുപടി

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ.ടി.വി.രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br><br>18.05.2011 മുതൽ 31.12.2011 വരെ - 38139<br>2012 - 26657<br>2013 - 24679<br>2014 ഒക്ടോബർ വരെ - 21206 |
| (ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി പി.എസ്.സി.യുടെ എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമായി ആകെ 2164 റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. ഉദ്യോഗാർത്ഥികളുടെ ആകെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (സി) പല വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഡി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി)യും (ഡി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ ചില വകുപ്പ് മേധാവികളും നിയമനാധികാരികളും കാലതാമസം വരുത്തുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ്മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ